(ഡി) പ്രസ്തുത മണ്ഡലത്തിൽ മരാമത്ത് വകുപ്പ് നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1 എണ്ണം.

(ബി) പെരുവഴിക്കടവ് പാലം. Agreement PAC—192,67,194 പ്രവൃത്തി ചെയ്യുന്ന ഏജൻസി—കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ.

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മരാമത്ത് വകുപ്പ് കുന്ദമംഗലം നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്:

1. മാവൂർ പന്നിക്കോട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ—കി. മീ. 0/890 മുതൽ 3/270 വരെ—ബില്ല് ആയിട്ടില്ല.

2. കുന്ദമംഗലം അഗസ്ത്യമുഴി റോഡ് കി. മീ. 10/00 മുതൽ 13/00 വരെ അഭിവൃദ്ധിപ്പെടുത്തൽ—ബില്ല് ആയിട്ടില്ല.

3. KTMAE റോഡ് കി. മീ. 29/300 മുതൽ 44/120—അഭിവൃദ്ധിപ്പെടുത്തൽ—ബില്ല് ആയിട്ടില്ല.

(ഡി) പ്രസ്തുത മണ്ഡലത്തിൽ മരാമത്ത് വകുപ്പ് നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്:

1. പാറക്കടവ് പാലം.

2. മാവൂർ പന്നിക്കോട് റോഡ് കി. മീ. 0/00 മുതൽ 0/890 വരെ അഭിവൃദ്ധിപ്പെടുത്തൽ.

3. കുളിമാട് പാലം.

പെരുവഴിക്കടവ് പാലം നിർമ്മാണം

140 [1489] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പെരുവഴിക്കടവ് പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി മന്ദീഭവിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) സ്ഥലം നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) പാലത്തിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പെരുവഴിക്കടവ് പാലത്തിന്റെ ഫൗണ്ടേഷൻ പണികൾ പുരോഗമിക്കുന്നു. ആകെ 5 വെൽസിൽ 4 എണ്ണത്തിന്റെ പണി പൂർത്തിയായി. ശേഷിക്കുന്ന ഒരെണ്ണത്തിന്റെ പണി പുരോഗതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് പണി ഏറ്റെടുത്തിട്ടുള്ളത്. പണി എത്രയും വേഗം ചെയ്തു തീർക്കാനായി ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഒരു വർഷത്തിനകം പണി പൂർത്തീകരിക്കാനാവും എന്നാണ് പ്രതീക്ഷിക്കുന്നത്.

കോഴിക്കോട് ജില്ലയിലെ മാവിളിക്കടവ് പാലം

141 [1490] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ മാവിളിക്കടവിൽ പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ പാലത്തിന്റെ പണി ആരംഭിക്കാനുള്ള നടപടി എന്തായി എന്നും, എപ്പോൾ പണി ആരംഭിക്കാനാവുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 335 ലക്ഷം രൂപ അടങ്കലുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ഒറപ്പാലം—കാക്കത്തോട് പാലം

142 [1491] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേ ഒറപ്പാലം കാക്കത്തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ഏത് ഏജൻസിയിൽ നിന്നാണ് ലഭിക്കുന്നതെന്നും അത് എത്ര രൂപയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) പരിഗണിച്ചു വരികയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly